**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1743** **20-06-2024 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയിലെ പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. വി. ഇബ്രാഹിം** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പരിഷ്കരണങ്ങൾ വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരം ഏറ്റെടുത്ത ഉടൻ തന്നെ ഉന്നത വിദ്യാഭ്യാസ മേഖലയുടെ സമഗ്ര പരിഷ്കരണത്തിനായി മൂന്നു കമ്മീഷനുകളെ നിയോഗിക്കുകയും അവരുടെ ശുപാർശകളുടെ അടിസ്ഥാനത്തിൽ വിവിധ പരിഷ്കരണ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. നിലവിൽ നടപ്പിലാക്കുന്ന പരിഷ്കാരങ്ങളിൽ ചിലത് താഴെ വിശദീകരിക്കുന്നു:<br><br>• ഉന്നത വിദ്യാഭ്യാസ മേഖലയിൽ പ്രാപ്യതയും തുല്യതയും ഉറപ്പ് വരുത്തുന്നതിനുള്ള നടപടികളുടെ ഭാഗമായി സംസ്ഥാനത്തെ വിദ്യാർത്ഥി പ്രവേശന നിരക്ക് വർദ്ധിപ്പിക്കുന്നതിനും ഭിന്നശേഷി വിദ്യാർത്ഥികളുടെയും എസ്.സി/എസ്.ടി വിഭാഗക്കാരുടെയും പ്രവേശന നിരക്ക് വർദ്ധിപ്പിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>• വിദ്യാർത്ഥികളുടെ അവകാശങ്ങൾ ഉറപ്പുവരുത്തുന്നതിനായി വിദ്യാർത്ഥി അവകാശ പത്രിക പ്രസിദ്ധീകരിക്കാനും അത് സർവ്വകലാശാല നിയമത്തിൻറെ ഭാഗമാക്കാനും ഉള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>• സർവ്വകലാശാല നിയമങ്ങൾ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>• അന്തർ സർവ്വകലാശാല മാറ്റം സുഗമമാക്കുന്നതിന് ക്രെഡിറ്റ് ബാങ്ക് അടക്കമുള്ള സംവിധാനങ്ങൾ സർവ്വകലാശാലകളിൽ നടപ്പിൽ ആക്കിവരുന്നു.<br>• രാജ്യത്തിനകത്തും പുറത്തുനിന്നുമുള്ള വിദ്യാർത്ഥികൾക്ക് കേരളത്തിലെ |

സ്ഥാപനങ്ങളിൽ തുടർ പഠനം നടത്താനും ക്രെഡിറ്റ് ട്രാൻസ്ഫർ നടത്താനുമുള്ള നടപടിക്രമങ്ങൾ നിലവിൽ വന്നിട്ടുണ്ട്.

- ഉന്നത വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള സർവ്വകലാശാലകൾ, കോളേജുകൾ, അനുബന്ധ സ്ഥാപനങ്ങൾ എന്നിവയുടെ അക്കാദമിക് ഭരണകാര്യങ്ങൾ ഒരു കുടക്കീഴിലാക്കുന്നതിനായി കേരള റിസോഴ്സ് ഫോർ എജ്യുക്കേഷൻ അഡ്മിനിസ്ട്രേഷൻ ആൻറ് പ്ലാനിങ് അഥവാ കെ-റീപ് എന്ന സമഗ്ര സോഫ്റ്റ്വെയർ വികസിപ്പിച്ചുവരുന്നു.
- സംസ്ഥാനത്തെ ശാസ്ത്ര, സാമൂഹിക, മാനവിക വിഷയങ്ങളിലെ ഗവേഷണ പുരോഗതിക്കായി ഏഴോളം പുതിയ ഗവേഷണ സ്ഥാപനങ്ങൾ സെൻറർ ഓഫ് എക്സലൻസ് എന്ന നിലയിൽ സംസ്ഥാനത്ത് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.
- ഗവേഷണ വിദ്യാർത്ഥികൾക്ക് പ്രബന്ധങ്ങൾ അവതരിപ്പിക്കുന്നതിനും, ഗവേഷണ പ്രവർത്തനങ്ങൾക്ക് വിദേശ സന്ദർശനം നടത്തുന്നതിനും ആവശ്യമായ ധനസഹായം നൽകുന്നതിനുള്ള പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്.
- സർവ്വകലാശാല കാമ്പസുകളോട് ചേർന്ന് സ്വതന്ത്ര സ്ഥാപനങ്ങൾ ആയി ഇൻറർ യൂണിവേഴ്സിറ്റി റിസർച്ച് സെൻററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.
- സംസ്ഥാനത്ത് പ്രൈവറ്റ് യൂണിവേഴ്സിറ്റികൾ, കോൺസ്റ്റിറ്റുവൻറ് കോളേജുകൾ എന്നിവ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.
- സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളിൽ അന്താരാഷ്ട്ര ഹോസ്റ്റലുകൾ അടക്കം ആയിരത്തി അഞ്ഞൂറിൽപരം ഹോസ്റ്റൽ മുറികൾ നിർമ്മിക്കുന്ന പദ്ധതികൾ നടപ്പിൽ ആക്കിവരുന്നു.
- സംസ്ഥാനത്തെ സർവ്വകലാശാലകളിൽ ട്രാൻസ്ലേഷണൽ റിസർച്ച് ലാബുകൾ വികസിപ്പിക്കുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.
- ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളോട് ചേർന്ന് ഗവേഷണ പാർക്കുകൾ ആരംഭിക്കുന്നതിനും, ഓരോ വിദ്യാഭ്യാസ സ്ഥാപനത്തിനൊപ്പം ഓരോ സ്റ്റാർട്ടപ്പ്

| | | | |
|---|---|---|---|
| | | | പാർക്കുകൾ ആരംഭിക്കുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു.<br>• സംസ്ഥാനത്തെ ബിരുദ, ബിരുദാനന്തര ബിരുദ കരിക്കുലം സമഗ്രമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>• ഈ അദ്ധ്യയന വർഷം മുതൽ സംസ്ഥാനത്ത് നാലുവർഷ ബിരുദ പ്രോഗ്രാമുകൾ ആരംഭിക്കുന്നു. |
| (ബി) | കോളേജുകളിൽ നാലുവർഷ ഡിഗ്രി പഠനത്തിന്റെ ആരംഭം കുറിക്കുന്നതുമായി ബന്ധപ്പെട്ട് കരിക്കുലം പരിഷ്കരണ നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; | (ബി) | 2024-25 അക്കാദമിക വർഷം മുതൽ കേരള, എം.ജി., കാലിക്കറ്റ്, ശ്രീശങ്കരാചാര്യ സംസ്കൃത, തുഞ്ചത്തെഴുത്തച്ഛൻ മലയാളം, കണ്ണൂർ, കുസാറ്റ്, ശ്രീനാരായണ ഓപ്പൺ സർവ്വകലാശാലകളിൽ നാലുവർഷ ബിരുദ പ്രോഗ്രാമുകൾ ആരംഭിക്കുന്നു. ഇതിന് ആവശ്യമായ കരിക്കുലം ചട്ടക്കൂട്, നാലുവർഷ ബിരുദ പ്രോഗ്രാം റെഗുലേഷൻ, പുതിയ സിലബസ് എന്നിവ രൂപീകരിച്ചു. ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ സർവ്വകലാശാല ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങൾക്ക് പരിശീലന പരിപാടികൾ (Master Trainers Workshops), കോളേജ് അദ്ധ്യാപകർക്ക് ജില്ലാതല ഓറിയെന്റേഷൻ പരിപാടികൾ, പ്ലസ് ടു വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും ബോധവൽക്കരണ പരിപാടികൾ എന്നിവ സംഘടിപ്പിച്ചു. ഇതിനു പുറമേ, ഫൗണ്ടേഷൻ കോഴ്സുകൾക്കാവശ്യമായിട്ടുള്ള പുസ്തകങ്ങൾ സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ പ്രസിദ്ധീകരിച്ചു. |
| (സി) | നാലു വർഷ ഡിഗ്രി പഠനത്തിന്റെ തുടർച്ചയായി പി.ജി. കോഴ്സുകളുടെ ഘടനയും സിലബസും പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (സി) | നാല് വർഷ ബിരുദ പ്രോഗ്രാമിന്റെ ഭാഗമായി പി.ജി. പ്രോഗ്രാമുകളുടെ ഘടനയും സിലബസ്സും പരിഷ്കരിക്കുന്നത് സംബന്ധിച്ച് യു.ജി.സി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | സംസ്ഥാനത്ത് സ്വകാര്യ സർവകലാശാലകൾക്കും വിദേശ സർവകലാശാലകൾക്കും അനുമതി നൽകുന്ന കാര്യത്തിൽ നയപരമായ തീരുമാനങ്ങൾ എടുത്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | സംസ്ഥാനത്ത് സ്വകാര്യ സർവകലാശാലകൾ സ്ഥാപിക്കുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ